LEGISLATIVE BUSINESS—GOVERNMENT BILLS

(1) The Cochin Limitation Act (Amendment) Bill

Mr. M. Sivarama Menon *(Advocate-General):* I beg to move that the Cochin Limitation Act (Amendment) Bill may be taken up and finally passed.

Mr. C. J. Mathew *(Joint Secretary to Government):* I second it.

Motion put and carried

(2) The Cochin Sale of Goods Act (Amendment) Bill

Mr. M. Sivarama Menon *(Advocate-General):* I beg to move that the Cochin Sale of Goods Act (Amendment) Bill may be taken up and finally passed.

Mr. C. J. Mathew *(Joint Secretary to Government):* I second it.

Motion put and carried

NON-OFFICIAL BILLS

(1) The Cochin Child Marriage Restraint Act (Amendment) Bill

Mr. C. V. Iyyu *(Kunnamkulam):* I move to introduce the Cochin Child Marriage Restraint Act (Amendment) Bill. ഈ ബിൽ അടുത്ത സന്ദർത്തിലേക്ക നീട്ടിവെക്കണമെന്നാണ് ഞാൻ വിചാരിക്കുന്നത്. അതുകൊണ്ട് തല്ക്കാലം അതിന് അനുവാദം തരണമെന്നപേക്ഷിക്കുന്നു.

(2) The Cochin Christian Succession Act (Amendment) Bill

Mr. C. V. Iyyu *(Kunnamkulam):* I move for the introduction of the Cochin Christian Succession Act (Amendment) Bill.

Mr. K. Ashtamoorthi Namboodiripad *(Land-holders):* I second it.

മിസ്റ്റർ സി. വി. ഇയ്യു: സർ, ഈ ബിൽ അവതരിപ്പിക്കുന്നതിന്റെ ഉദ്ദേശം ക്രിസ്ത്യൻ മാതാപിതാക്കളിൽ ജനിച്ചിട്ടുള്ള പുരുഷന്മാരും, സ്ത്രീകളുമായ സന്താനങ്ങൾക്ക ഇപ്പോൾ നിലവിലുള്ള നിയമത്തിൽ നിഷ്കർഷിച്ചിട്ടുള്ള അവകാശത്തിൽ ഭേദഗതിവരുത്തുവാനായിട്ടാണ്. ഇപ്പോഴുള്ള നിയമപ്രകാരം മകന്റെ അവകാശത്തിൽ ഫ/൩ ആണ് മകൾക്കുകിട്ടുക. അതു സമവീതമെന്നാക്കത്തക്കവണ്ണമുള്ള ഒരു ഭേദഗതി വരുത്തുവാൻവേണ്ടി ബഹുമാനപ്പെട്ട ചാലക്കുടി മെമ്പർ മൂത്തേടൻ അവർകൾ ഒരു ഭേദഗതി ബിൽ ഇവിടെ അവതരിപ്പിക്കുകയും അതു ഈ സഭയുടെ പഠ്യാലോചനക്ക വിഷയീഭവിച്ചതിന്റെ ഫലമായി അതിന്റെ സിലക്ട് കമ്മറിറിപ്പോർട്ട് വന്നുകഴിഞ്ഞിട്ടുണ്ട്. ഞാൻ ഈ ബില്ലുകൊണ്ടു വിവക്ഷിക്കുന്നതും അദ്ദേഹത്തിന്റെ തത്വങ്ങൾതന്നെയാണ്. ആൺമക്കൾക്കും, പെൺമക്കൾക്കുമുള്ള അവകാശം ഒപ്പം കൊടുത്തില്ലെങ്കിലും സ്ത്രീപുരുഷ വ്യത്യാസംകൊണ്ട് സ്വത്തിന്റെ അവകാശത്തിൽ കുറവുവരുത്തുന്ന ഒരു പഴയസമ്പ്രദായം നിവർത്തിക്കവണ്ണം മറെറാരു രൂപത്തിലുള്ള വ്യവസ്ഥകളോടുകൂടിയാണ് ഞാൻ ഈ ബിൽ രൂപീകരിച്ചിട്ടുള്ളതു. പിതൃസ്വത്തിൽ മകനു കൂടുതൽ അവകാശമുണ്ടെങ്കിൽ അതുപോലെതന്നെ മാതൃസ്വത്തിൽ മകൾക്കു കൂടുതൽ അവകാശം കൊടുക്കണമെന്നുള്ളതാണ്. ഈ രാജ്യത്തെ ക്രിസ്ത്യാനികളുടെയിടയിൽ സ്വീകരിച്ചിട്ടുള്ള ഒരു പഴയ മാമൂലാണ്. യഥാർത്ഥത്തിൽ അമ്മക്കു വളരെയധികം സ്വത്തില്ലെങ്കിൽ ഭർത്താവ് ജീവിച്ചിരിക്കെതന്നെ അമ്മ മരിച്ചാൽപോലും അമ്മയുടെ സ്വത്തുമുഴുവൻ പെൺമക്കൾക്കാണ് കൊടുക്കുന്നതു. പെട്ടിയും വസ്ത്രങ്ങളും ആഭരണങ്ങൾപോലും ആൺമക്കൾ അവകാശപ്പെടാറില്ല. പണമായിട്ട കുറച്ചുവല്ലതുമുണ്ടെങ്കിൽ അതുകൂടികൊടുക്കും. പത്തുമുപ്പതിനായിരം ഉറുപ്പികയുടെ സ്വത്തുണ്ടെങ്കിൽ അതുമുഴുവൻ പെൺമക്കൾക്ക് കൊടുക്കുകയില്ലെന്നേയുള്ളു. ദരിദ്രന്മാരുടെയിടയിൽ പോലും അമ്മയുടെ മരണശേഷം ജംഗമങ്ങൾ മുഴുവൻ പെൺമക്കൾക്ക് കൊടുക്കാറുണ്ട്. ഇപ്പോൾ നിലവിലുള്ള ബിൽ അമ്മയുടേയും അച്ഛന്റേയും സ്വത്തിൽ സ്ത്രീസന്താനത്തിന്റെ മൂന്നിരട്ടി പുരുഷസന്താനത്തിനു നിശ്ചയിച്ച വ്യത്യസ്തപ്പെടുത്തിയിട്ടുള്ളതു അമ്മയുടെ സ്വത്തു മുഴുവനും പെൺമക്കൾക്കു കൊടുക്കേണമെന്നുള്ള പാരമ്പര്യമുണ്ടായിരുന്നതിനെ തെറ്റിച്ചിട്ടാണ് അമ്മയുടേയും അച്ഛന്റേയും സ്വത്തിന്റെ അവകാശം ഒരേരൂപത്തിലാക്കി അമ്മയുടെ സ്വത്തിന്റെ കൂടുതൽ മകൾക്കും, കുറവു

LIBRARY ARCHIVES Kerala Legislative Assembly